പതിമൂന്നാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട

ചോദ്യം നമ്പർ : 222

19/03/2015 -ൽ

മറുപടിയ്ക്കു

## ദേവസ്വം ബോർഡ് നിയമനങ്ങളിൽ സംവരണം

ചോദ്യം

ശ്രീ. പി. ശ്രീരാമകൃഷ്ണൻ

ശ്രീ. കെ. രാധാകൃഷ്ണൻ

ശ്രീ. ബി. സത്യൻ

ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

എ) ദേവസ്വം ബോർഡുകൾക്ക് കീഴിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാരുടെ നിയമനത്തിൽ സംവരണതത്വം പാലിക്കുന്നുണ്ടോ; ഇല്ലെങ്കിൽ കാരണം അറിയിക്കാമോ;

ബി) തിരുവിതാംകൂർ ദേവസ്വം ബോർഡിന് കീഴിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ 2010-2014 കാലയളവിൽ നടന്ന നിയമനത്തിൽ കേവലം രണ്ട് ശതമാനം പേർ മാത്രമാണ് പട്ടികജാതി പട്ടികഗോത്ര വർഗ്ഗ വിഭാഗത്തിൽപ്പെട്ടവർ എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

സി) ദേവസ്വം ബോർഡിനു കീഴിലുള്ള സ്ഥാപനങ്ങളിലേക്കുള്ള നിയമനത്തിൽ സംവരണതത്വം പാലിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

ശ്രീ. വി.എസ്. ശിവകുമാർ,

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും

വകുപ്പു മന്ത്രി.

എ) ദേവസ്വം ബോർഡുകൾക്ക് കീഴിലുള്ള എയിഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ അദ്ധ്യാപക- അനദ്ധ്യാപക ജീവനക്കാരുടെ നിയമനത്തിൽ സംവരണതത്വം പാലിക്കുന്നതിന് നിലവിൽ നിയമം നിഷ്കർഷിക്കാത്തതിനാൽ തിരുവിതാംകൂർ, കൊച്ചിൻ ദേവസ്വം ബോർഡുകളിലെയും ഗുരുവായൂർ ദേവസ്വത്തിൻെറയും അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാരുടെ നിയമനത്തിൽ സംവരണതത്വം പാലിക്കുന്നില്ല. മലബാർ ദേവസ്വം ബോർഡിന് കീഴിൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഇല്ല. എന്നാൽ മലബാർ ദേവസ്വം ബോർഡിൻെറ അധികാരപരിധിയിൽ വരുന്ന ക്ഷേത്രങ്ങളുടെ ഉടമസ്ഥതയിൽ പ്രവർത്തിച്ചുവരുന്ന സ്കൂളുകളിലെ നിയമനങ്ങൾ അതാത് ക്ഷേത്ര ഭരണാധികാരികളാണ് നടത്തിവരുന്നത്. പ്രസ്തുത ക്ഷേത്രങ്ങൾ ഓരോന്നും സ്വയംഭരണ യൂണിറ്റുകളായാണ് നിലനിൽക്കുന്നത്.

ബി) ഇല്ല.

സി) കേരളത്തിലെ എല്ലാ ദേവസ്വങ്ങളിലേക്കും ദേവസ്വം ബോർഡുകളിലെ അധീനതയിലുള്ള സ്ഥാപനങ്ങളിലേക്കും പാരമ്പര്യ തസ്തികകളും എയിഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലേക്കുള്ള തസ്തികകളും ഒഴികെയുള്ള തസ്തികകളിലേക്ക് നിയമനം നടത്തുന്നതിലേക്കായി ഒരു ദേവസ്വം റിക്രൂട്ടുമെൻറ് ബോർഡ് രൂപീകരിച്ചിട്ടുള്ളതും പ്രസ്തുത ദേവസ്വം റിക്രൂട്ട്മെൻറ് ബോർഡ് മുഖാന്തിരം നടത്തുന്ന നിയമനങ്ങളിൽ ഹിന്ദു സമുദായത്തിൽപ്പെട്ട പട്ടികജാതിപട്ടികവർഗ്ഗ മറ്റു പിന്നോക്ക സമുദായങ്ങൾക്ക് സംവരണം നൽകുന്നതുമായി ബന്ധപ്പെട്ട് ചട്ടങ്ങൾ രൂപീകരിക്കുന്നതിനുള്ള നടപടികൾ നടന്നു വരികയുമാണ്.

സെക്ഷൻ ഓഫീസർ